**കേരള സർക്കാർ**

**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 191** | **2017 ഫെബ്രുവരി 27 ലെ മറുപടിക്ക്**

**വിജിലൻസ് ഡയറക്ടർക്കെതിരെയുള്ള ധനവകുപ്പ് റിപ്പോർട്ട്**

| ചോദ്യം<br><br>ശ്രീ. ഷാഫി പറമ്പിൽ<br>എം.എൽ.എ | ഉത്തരം<br><br>പിണറായി വിജയൻ<br>ബഹു.കേരള മുഖ്യമന്ത്രി |
|---|---|
| (എ) വിജിലൻസ് ഡയറക്ടർ ശ്രീ.ജേക്കബ് തോമസിനെതിരെ ധനവകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (എ) & (ബി) ധനകാര്യ പരിശോധനാവിഭാഗം നടത്തിയ പരിശോധനയിൽ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ പരാമർശമുണ്ട്. പ്രസ്തുത റിപ്പോർട്ട് 06/12/2016-ലാണ് ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുള്ളത്. |
| (ബി) ചീഫ് സെക്രട്ടറി നടപടി ശുപാർശ ചെയ്ത് പ്രസ്തുത റിപ്പോർട്ട് മുഖ്യമന്ത്രിയ്ക്ക് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്നറിയിക്കാമോ; | |
| (സി) പ്രസ്തുത റിപ്പോർട്ടിന്മേൽ മുഖ്യമന്ത്രി പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ നിയമോപദേശം തേടിയിരുന്നോ; എങ്കിൽ അദ്ദേഹം നൽകിയ നിയമോപദേശം എന്തായിരുന്നു; | പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ നിയമോപദേശം തേടിയിരുന്നു. അദ്ദേഹത്തിന്റെ നിയമോപദേശം ഇതുവരെ ലഭിച്ചിട്ടില്ല. |
| (ഡി) ധനവകുപ്പ് പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിൽ കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പ്രസ്തുത നിർദ്ദേശത്തിൽ നിന്നും വ്യതിചലിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ? | ഇക്കാര്യത്തിൽ നിയമോപദേശം ലഭിച്ച ശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ